**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1922** **04-02-2026 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളിൽ ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം പദ്ധതിയിയുടെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | അരൂർ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം പദ്ധതിയുടെ ഭാഗമായി ഫണ്ട് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. വി.വി. എച്ച് എസ്. എസ്. കോടംതുരുത്ത് ഫുട്ബോൾ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തി**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ നിയോജക മണ്ഡലത്തിൽ വി.വി. എച്ച് എസ്. എസ്. കോടംതുരുത്ത് ഫുട്ബോൾ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 30.11.2024 ൽ നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 19.02.2024 തീയതിയിൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s. പ്രൈംടെക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് 07.02.2025-ൽ പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുകയും 27.02.2025 ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്കൂളിന് അടുത്തുള്ള ആശുപത്രി ബിൽഡിംഗ് എസ്കവേറ്റ് ചെയ്ത മണ്ണ് ഗ്രൗണ്ടിലേക്ക് മാറ്റിയത് കാരണം ഗ്രൗണ്ടിലേയ്ക്ക് പ്രവേശനം തടസ്സപ്പെട്ടിരുന്നു. ടി മണ്ണ് പ്രസ്തുത ഗ്രൗണ്ടിൽ നിന്ന് മാറ്റിയതിന് ശേഷം 05.06.2025 ൽ സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്. തുടർന്ന് സൈറ്റ് ക്ലീയറൻസ് പ്രവൃത്തിയും ഗ്രൗണ്ട് ലെവലിംഗ് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഗ്രൗണ്ടിൽ നിലവിലുള്ള മരങ്ങൾ മുറിച്ചു മാറ്റുന്നതിനായി |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിയും, പ്രസ്തുത സ്കൂൾ ഹെഡ്മിസ്ട്രസിന്റെ അനുമതിയും ലഭ്യമാക്കി 30.09.2025 ൽ മരങ്ങൾ മുറിച്ചുമാറ്റുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രൗണ്ടിന് ചുറ്റുമുള്ള നടപ്പാതയുടെ വീതി സംബന്ധിച്ച് സ്കൂൾ അധികൃതരിൽ നിന്ന് വ്യക്തത ലഭിക്കുന്നതിനുള്ള കാലതാമസം കാരണം പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സം നേരിട്ടു. നടപ്പാതയുടെ വീതി സംബന്ധിച്ച വ്യക്തത വരുത്തി 22.10.2025 ൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 05.11.2025 മുതൽ 15.12.2025 വരെ സ്കൂളിന്റെ പ്രവേശന കവാടത്തിലെ നിർമ്മാണ പ്രവൃത്തികൾ നടന്നതിനാൽ ഗ്രൗണ്ടിലേക്ക് കൺസ്ട്രക്ഷൻ മെറ്റീരിയൽ എത്തിക്കാൻ കഴിയാതെ വന്നതിനാൽ വീണ്ടും പ്രവൃത്തി തടസ്സപ്പെട്ടിരുന്നുവെങ്കിലും 16.12.2025 -ൽ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്.<br><br>നിലവിൽ നിർമ്മാണ പ്രവൃത്തികൾ 40% പൂർത്തീകരിച്ചു. ആർ.ആർ. റീറ്റെയിനിംഗ് വാൾ നിർമ്മാണം, ഫെൻസിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രെയിനേജിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തികളും ഇലക്ട്രിക്കൽ പ്രവൃത്തികളും പൂർത്തീകരിക്കുവാനുണ്ട്. എല്ലാ പ്രവൃത്തികളും 05.03.2026 നകം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**2. പെരുമ്പളം ഗ്രാമപഞ്ചായത്തിലെ തോപ്പുവെളി ഗ്രൗണ്ടിന്റെ വികസന പ്രവൃത്തി**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ നിയോജക മണ്ഡലത്തിൽ പെരുമ്പളം ഗ്രാമപഞ്ചായത്തിലെ തോപ്പുവെളി ഗ്രൗണ്ടിന്റെ വികസന പ്രവൃത്തിയ്ക്ക് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 06.11.2025 ൽ നൽകിയിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ 07.11.2025 തീയതിയിൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ബിഡ് ലഭ്യമായിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയെക്കാൾ ക്വാട്ട് ചെയ്ത തുക അധികമായതിനാൽ കരാറുകാരനോട് നെഗോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. കരാറുകാരനിൽ നിന്ന് മറുപടി ലഭ്യമായാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ? | (ബി) | അരൂർ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം പദ്ധതിയുടെ ഭാഗമായി ഫണ്ട് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>1. വി.വി. എച്ച് എസ്. എസ്. കോടംതുരുത്ത് ഫുട്ബോൾ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തി</u>**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ നിയോജക മണ്ഡലത്തിൽ വി.വി. എച്ച് എസ്. എസ്. കോടംതുരുത്ത് ഫുട്ബോൾ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 30.11.2024 ൽ നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 19.02.2024 തീയതിയിൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s. പ്രൈംടെക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് 07.02.2025-ൽ പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുകയും 27.02.2025 ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്കൂളിന് അടുത്തുള്ള ആശുപത്രി ബിൽഡിംഗ് എസ്കവേറ്റ് ചെയ്ത മണ്ണ് ഗ്രൗണ്ടിലേക്ക് മാറ്റിയത് കാരണം ഗ്രൗണ്ടിലേയ്ക്ക് പ്രവേശനം തടസ്സപ്പെട്ടിരുന്നു. ടി മണ്ണ് പ്രസ്തുത ഗ്രൗണ്ടിൽ നിന്ന് മാറ്റിയതിന് ശേഷം 05.06.2025 ൽ സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്. തുടർന്ന് സൈറ്റ് ക്ലീയറൻസ് പ്രവൃത്തിയും ഗ്രൗണ്ട് ലെവലിംഗ് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഗ്രൗണ്ടിൽ നിലവിലുള്ള മരങ്ങൾ മുറിച്ചു മാറ്റുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിയും, പ്രസ്തുത സ്കൂൾ ഹെഡ്മിസ്ട്രസിന്റെ അനുമതിയും ലഭ്യമാക്കി 30.09.2025 ൽ മരങ്ങൾ മുറിച്ചുമാറ്റുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രൗണ്ടിന് ചുറ്റുമുള്ള നടപ്പാതയുടെ വീതി സംബന്ധിച്ച് സ്കൂൾ അധികൃതരിൽ നിന്ന് വ്യക്തത ലഭിക്കുന്നതിനുള്ള കാലതാമസം കാരണം പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സം നേരിട്ടു. നടപ്പാതയുടെ വീതി സംബന്ധിച്ച വ്യക്തത വരുത്തി 22.10.2025 ൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 05.11.2025 മുതൽ 15.12.2025 വരെ സ്കൂളിന്റെ പ്രവേശന കവാടത്തിലെ നിർമ്മാണ പ്രവൃത്തികൾ നടന്നതിനാൽ ഗ്രൗണ്ടിലേക്ക് കൺസ്ട്രക്ഷൻ മെറ്റീരിയൽ എത്തിക്കാൻ കഴിയാതെ വന്നതിനാൽ വീണ്ടും പ്രവൃത്തി |

| | | | |
|---|---|---|---|
| | | | തടസ്സപ്പെട്ടിരുന്നുവെങ്കിലും 16.12.2025 -ൽ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്.<br><br>നിലവിൽ നിർമ്മാണ പ്രവൃത്തികൾ 40% പൂർത്തീകരിച്ചു. ആർ.ആർ. റീറ്റെയിനിംഗ് വാൾ നിർമ്മാണം, ഫെൻസിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രെയിനേജിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തികളും ഇലക്ട്രിക്കൽ പ്രവൃത്തികളും പൂർത്തീകരിക്കുവാനുണ്ട്. എല്ലാ പ്രവൃത്തികളും 05.03.2026 നകം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**2. പെരുമ്പളം ഗ്രാമപഞ്ചായത്തിലെ തോപ്പുവെളി ഗ്രൗണ്ടിന്റെ വികസന പ്രവൃത്തി**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ നിയോജക മണ്ഡലത്തിൽ പെരുമ്പളം ഗ്രാമപഞ്ചായത്തിലെ തോപ്പുവെളി ഗ്രൗണ്ടിന്റെ വികസന പ്രവൃത്തിയ്ക്ക് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 06.11.2025 ൽ നൽകിയിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ 07.11.2025 തീയതിയിൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ബിഡ് ലഭ്യമായിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയെക്കാൾ ക്വാട്ട് ചെയ്ത തുക അധികമായതിനാൽ കരാറുകാരനോട് നെഗോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. കരാറുകാരനിൽ നിന്ന് മറുപടി ലഭ്യമായാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ